©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജൂലൈ 24<br>24th July 2018<br>1193 കർക്കടകം 8<br>8th Karkadakam 1193<br>1940 ശ്രാവണം 2<br>2nd Sravana 1940 | നമ്പർ<br>No. 30 |

## PART III

## Industries Department

**എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ: ബിജു പി. എബ്രഹാം)

നമ്പർ ബി4/6339/2017. 2018 ജനുവരി 29.

വിഷയം :—വ്യവസായം—സഹകരണം—എറണാകുളം ജില്ലാ എസ്.സി./എസ്.ടി. വനിത മത്സ്യ സംസ്ക്കരണ അനുബന്ധ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.ഇൻഡ് (ഇ) 106—സംബന്ധിച്ച്.

സൂചന :— സീനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ) എറണാകുളത്തിന്റെ 16-10-2017-ലെ SCI/Gen/100/17 നമ്പർ കത്ത്.

എറണാകുളം ജില്ലാ എസ്.സി./എസ്.ടി. വനിത മത്സ്യ സംസ്ക്കരണ അനുബന്ധ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എസ്. ഇൻഡ് (ഇ) 106, 16-3-1990-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ള സംഘമാണ്. ടി സംഘം 2000 വരെ പ്രവർത്തിക്കുകയും പിന്നീട് പ്രവർത്തനരഹിതമാവുകയും ചെയ്തിട്ടുള്ളതാണ്. സംഘത്തിന്റെ ആസ്തികൾ, ബാദ്ധ്യതകൾ, ഓഡിറ്റ് എന്നിവ സംബന്ധിച്ച് സൂചന പ്രകാരം വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും വർഷങ്ങളായി പ്രവർത്തനരഹിതമായ സംഘം ലിക്വിഡേറ്റ് ചെയ്യാവുന്നതാണെന്നും ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലാ എസ്.സി./എസ്.ടി. വനിത മത്സ്യ സംസ്ക്കരണ അനുബന്ധ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.ഇൻഡ്(ഇ) 106-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണത്തിന്റെ ഭാഗമായി വകുപ്പ് 72(1) അനുസരിച്ച് എറണാകുളം സർക്കിളിലെ സീനിയർ സഹകരണ ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. സംഘത്തിന്റെ മുഴുവൻ ആസ്തികളും, രജിസ്റ്ററുകളും റെക്കോർഡുകളും എത്രയും വേഗം ഏറ്റെടുക്കേണ്ടതാണ്. ടി സംഘത്തിന്റെ ലഭിക്കാനുള്ളവ ഏറ്റെടുത്തുകൊണ്ടും, സംഘം കൊടുക്കാനുള്ളവ കൊടുത്തു തീർത്തുകൊണ്ടും ലിക്വിഡേഷൻ നടപടികൾ 3 വർഷത്തിനകം പൂർത്തീകരിക്കേണ്ടതും ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയും ക്ലെയിം നോട്ടീസും എത്രയും വേഗം അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)

എറണാകുളം. ജനറൽ മാനേജർ.

## ക്ലെയിം നോട്ടീസ്

നമ്പർ SCI(Gen)/Liquidation/13/18. 2018 ജൂൺ 7.

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 29-1-2018-ലെ ബി4/6339/17 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പ്രവർത്തിച്ചിരുന്ന എറണാകുളം ജില്ലാ എസ്.സി./എസ്.ടി വനിത മത്സ്യസംസ്ക്കരണ അനുബന്ധ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.ഇൻഡ് (ഇ) 106 എന്ന സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സഹകരണ ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ ടി സംഘത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിൽ എന്തെങ്കിലും ഇനത്തിൽ അടയ്ക്കുവാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളേയും സംഘം അംഗങ്ങളേയും അറിയിക്കുന്നു. നിശ്ചിത സമയ പരിധിക്കുശേഷം ലഭിക്കുന്ന യാതൊരുവിധ ബാദ്ധ്യതകളും പരിഗണിക്കുന്നതല്ലെന്നും ഇതിനാൽ ഏവരെയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ,

ജില്ലാ വ്യവസായ ആഫീസ്, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ജനറൽ),

എറണാകുളം. വ്യവസായം.